Newspaper : Janmabhoomi
Date : 03.09.2026



സാങ്കേതിക വിദ്യയുടെ വികസനത്തിൽ പങ്കാളികളായ ഡോ. പാർവതി യു, ഡോ. ബി. മധുസൂദന റാവു, ഡോ. മുരളി എസ്., ഡോ. ബിൻസി പി.കെ., ഡോ. സതീഷ് കുമാർ കെ., വിഷ്ണു ആർ. നായർ, ജിതിൻ ജോയ് ടി.

# ജലജീവികളെ വെള്ളമില്ലാതെ ജീവനോടെ കൊണ്ടുപോകാം; സിഫ്റ്റിന് പേറ്റന്റ്

**മട്ടാഞ്ചേരി:** ജലജീവികളെ വെള്ളമില്ലാതെ ജീവനോടെ കൊണ്ടുപോകാൻ കഴിയുന്ന സാങ്കേതിക വിദ്യ കണ്ടുപിടിച്ച കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിക്ക് (സിഫ്റ്റ്) ഭാരതീയ ബൗദ്ധിക സ്വത്താവകാശം ലഭിച്ചു.

മത്സ്യങ്ങളും ചെമ്മീനുകളും ഉൾപ്പെടെയുള്ള ജീവികളെ ജലമില്ലാതെ ജീവനോടെ കൊണ്ടുപോകുന്നതിനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തതിനാണ് അംഗീകാരം. പരമ്പരാഗത ജലാധിഷ്ഠിത ഗതാഗത സംവിധാനങ്ങൾക്കും നിലവിലുള്ള ജലരഹിത ഗതാഗതസംവിധാനങ്ങൾക്കും ബദലായി ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യയാണിത്. കുറഞ്ഞ ചെലവിലും വൈദ്യുതി ഉപയോഗത്തിലും ജലജീവികളെ കൊണ്ടുപോകാൻ കഴിയുന്ന സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ സംവിധാനമാണ് വികസിപ്പിച്ചത്. ഉയർന്ന മർദ്ദവും താഴ്ന്ന താപനിലയും ഉപയോഗിച്ചാണിത് പ്രവർത്തിക്കുന്നത്.

ജലജീവികളെ സൂക്ഷിക്കുന്നതിനുള്ള പ്രത്യേക ഇൻസുലേറ്റഡ് കണ്ടെയ്നറും ഉപകരണത്തിന്റെ ഭാഗമാണ്. ഓക്സിജൻ, ഈർപ്പം, താപനില തുടങ്ങിയ ഘടകങ്ങൾ തുടർച്ചയായി നിരീക്ഷിക്കാനുള്ള സംവിധാനം ഉൾപ്പെടുത്തിയതാണ് സംവിധാനം. മാനുവൽ, ഓട്ടോമാറ്റിക് എന്നീ രണ്ട് രീതികളിലും പ്രവർത്തിപ്പിക്കാം. വിവിധ ജലജീവികളെ ഉപയോഗിച്ച് നടത്തിയ പരീക്ഷണങ്ങളിൽ മികച്ച ഫലങ്ങൾ ലഭിക്കുകയും 95 ശതമാനം വരെ അതിജീവന നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. മത്സ്യകൃഷി, ചെമ്മീൻ കൃഷി, അലങ്കാര മത്സ്യം ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ ഭാവിയിൽ ഇത് പ്രയോജനപ്പെടും.

നിലവിൽ ജീവനുള്ള മത്സ്യങ്ങളെയും മറ്റ് ജലജീവികളെയും ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് വലിയ അളവിൽ വെള്ളം ആവശ്യമാണ്. ഇത് ഭാരവും ചെലവും വർധിപ്പിക്കുന്നു. ഇതിനു പുറമെ ഓക്സിജൻ ലഭ്യമാക്കുന്നതിനും വെള്ളം ശുദ്ധീകരിക്കുന്നതിനും താപനില നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ ആവശ്യമാണ്. തുടർച്ചയായ വൈദ്യുതി ലഭ്യതയും വേണം.

സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. പാർവതി യു., ഡോ. ബി. മധുസുദന റാവു, ഡോ. മുരളി എസ്., ഡോ. ബിൻസി പി.കെ., ഡോ. സതീഷ് കുമാർ കെ., വിഷ്ണു ആർ. നായർ, ജിതിൻ ജോയ് ടി. എ.ന്നിവരാണ് സാങ്കേതിക വിദ്യയുടെ വികസനത്തിൽ പങ്കാളിയായത്.